004104

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള സംസ്ഥാന ജൈവ കാർഷിക നയം - സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

---

കൃഷി (എൻ.സി.എ) വകുപ്പ്

സ.ഉ. (എം.എസ്) നം. 22/2011/കൃഷി. തിരുവനന്തപുരം, തീയതി, 17.1.11.

---

പരാമർശം:- 1. 10.2.2010 ലെ സ.ഉ. (പി) നമ്പർ 39/2010 /കൃഷി.
2. 25.8.01 ലെ ജി.ഒ (ആർ.റ്റി) നം.1422/2001/കൃഷി.
3. 31.10.2006 ലെ കേന്ദ്ര സർക്കാരിന്റെ എസ്.ഒ.1874 ( ഇ ) നമ്പർ വിജ്ഞാപനം.
4. 2.12.10 ലെ സ.ഉ (എം.എസ്) നം 310/2010/കൃഷി.
5. 1.1.11 ന് കൃഷി വകുപ്പു മന്ത്രി നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ജൈവ കാർഷിക നയം ഭേദഗതി ചെയ്ത് പുതുക്കിയ നയരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം ജൈവ കൃഷി നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കാർഷിക മേഖലയെ 10 വർഷംകൊണ്ട് പൂർണ്ണമായും ജൈവകൃഷി രീതിയിലേക്ക് മാറ്റുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.

31.10.2006 ലെ കേന്ദ്ര സർക്കാരിന്റെ വിജ്ഞാപനം പ്രകാരം എൻഡോസൾഫാന്റെ ഉപയോഗം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

കേരളത്തെ മുഴുവനായും രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി, പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് സർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്വമാണെന്ന ബോദ്ധ്യത്തോടെയും ജൈവകൃഷി നയം സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കുന്നതിന്റെ ആദ്യപടിയായി വിഷാംശം കൂടിയ കടും ചുവപ്പും കടും മഞ്ഞയും ലേബലുകളിലുള്ള കീടനാശിനികളുടെ വിതരണവും ഉപയോഗവും സൂചന 4 ലെ ഉത്തരവു പ്രകാരം കീടനാശിനിയുടെ ഉപയോഗത്താൽ കാസർഗോഡ് ജില്ലയിൽ കടുത്ത ആരോഗ്യ പ്രശ്നങ്ങൾ ഉളവാക്കിയ ... നിരോധിക്കുകയുണ്ടായി.

നിരോധിക്കപ്പെട്ട കീടനാശിനികൾ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്നതായും ഇതുമൂലം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള പത്രവാർത്തകൾ ജനങ്ങൾക്കിടയിൽ കടുത്ത ആശങ്കകൾ ഉണ്ടാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ അവരുടെ ആശങ്കൾ ദൂരീകരിക്കേണ്ടതും പരിസ്ഥിതിക്ക് ദോഷകരമാകാത്തതും, ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമല്ലാത്തതുമായ കാർഷിക വിളവുകൾ ഉറപ്പാക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അതിനാൽ കൃഷിയിടങ്ങളിൽ കീടനാശിനികളുടെ വിവേചന രഹിതവും, അനിയന്ത്രിതവുമായ വിതരണവും ഉപയോഗവും തടയുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ട് ഉത്തരവാകുന്നു.

1. കൃഷിവകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻെറ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വിൽപ്പനശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ.

2. വിളയുടെ പേരും രോഗവും വ്യക്തമാക്കികൊണ്ട് ഏത് കീടനാശിനിയാണ് വേണ്ടതെന്നും (രാസനാമം ഉൾപ്പെടെ) എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കിയിരിക്കണം.

3. കർഷകരുടെ വിളകൾ രോഗബാധയിൽ നിന്നും സംരക്ഷിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും, സസ്യസംരക്ഷണ മാർഗ്ഗങ്ങളും, കരുതൽ നടപടികൾ ഉൾപ്പെടെ, നിർദ്ദേശിക്കുന്നതിനുള്ള ഉത്തരവാദിത്വം കൃഷി ഓഫീസർക്കായിരിക്കും.

4. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടി അനുസരിച്ച് മാത്രം മരുന്ന് വിതരണം ചെയ്യേണ്ടതും ആയതിൻെറ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പരിശോധനാവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

5. മേലിൽ ലൈസൻസ് നൽകുമ്പോൾ ഇക്കാര്യം ഒരു നിബന്ധനയായി ചേർക്കേണ്ടതാണ്.

6. വീഴ്ചവരുത്തുന്ന ഡീലർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൃഷി വകുപ്പിലെ കൃഷിഭവൻതലം മുതൽ മുകളിലേക്കുള്ള എല്ലാ കൃഷി ഉദ്യോഗസ്ഥന്മാർക്കും ഈ മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

ഉടനടി പ്രാബല്യത്തിൽ വരുന്ന ഈ ഉത്തരവ് നടപ്പാക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ കൃഷി ഡയറക്ടർ ഉടൻ ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി.ശോഭ,

ജോയിൻറ് സെക്രട്ടറി.

കൃഷി ഡയറക്ടർ, തിരുവനന്തപുരം.